# യോഹന്നാന്റെ ജീവപഠനം

## ദൂത് ഇരുപത്തിയൊന്ന്

## മതത്തിൽ അന്ധരുടെ ആവശ്യം–
## ജീവന്റെ കാഴ്ചയും ജീവന്റെ മേയ്പും

## (1)

Mon — ഞങ്ങൾ മുമ്പ് സൂചിപ്പിച്ചതുപോലെ, യോഹന്നാന്റെ സുവിശേഷത്തിലെ ഒമ്പത് സംഭവങ്ങൾ രണ്ടു ഭാഗങ്ങളായി തിരിച്ചിരിക്കുന്നു. കർത്താവ് അനുലോമകാര്യങ്ങളോട് നമ്മുടെ ജീവനായി എങ്ങനെ ഇടപെടുന്നു എന്നത് ആദ്യത്തെ ആറ് സംഭവങ്ങളും, പ്രതിലോമകാര്യങ്ങളോട് എങ്ങനെ ഇടപെടുന്നു എന്നത് അവസാനത്തെ മൂന്നു സംഭവങ്ങളും സൂചിപ്പിക്കുന്നു. നമുക്ക് അവ ഒരിക്കൽക്കൂടി അവലോകനം ചെയ്യാം. ജീവനായ കർത്താവ് വീണ്ടുംജനനത്തിനും സംതൃപ്തിക്കും സൗഖ്യത്തിനും ജീവിപ്പിക്കുന്നതിനും പോഷിപ്പിക്കുന്നതിനും ദാഹശമനത്തിനുമാണെന്ന് ആദ്യത്തെ ആറു സംഭവങ്ങൾ വെളിപ്പെടുത്തുന്നു. ഈ ആറ് അടയാളങ്ങൾ ഒരു വിഭാഗമാണ്. കാരണം അത് അവന്റെ ജീവന്റെ അനുലോമകാര്യങ്ങളുമായി ഇടപെടുന്നു. അവസാനത്തെ മൂന്നു സംഭവങ്ങൾ ഇടപെടുന്നത് പ്രതിലോമകാര്യങ്ങളായ പാപത്തോടും മരണത്തോടും അന്ധതയോടുമാണ്. പാപം അന്ധതയ്ക്ക് കാരണമാകുകയും മരണത്തിൽ പരിണമിക്കുകയും ചെയ്യുന്നു. അതുകൊണ്ട് ഇവ മൂന്നും–പാപവും അന്ധതയും മരണവും–ഒരു വിഭാഗമാക്കിയിരിക്കുന്നതിലൂടെ, പ്രതിലോമകാര്യങ്ങളോട് ഇടപെടുന്നതിൽ, കർത്താവ് നമ്മുടെ ജീവനാകുന്നത് എങ്ങനെയെന്ന് കാണിക്കുന്നു. ആദ്യത്തെ ആറ് സംഭവങ്ങളിൽ കർത്താവ് നമ്മെ അനുലോമമായ കാര്യങ്ങളി*ലേക്ക്* കൊണ്ടുവരുന്നു, എന്നാൽ അവസാനത്തെ മൂന്ന് സംഭവങ്ങളിൽ കർത്താവ് നമ്മെ പ്രതിലോമമായതിൽ*നിന്ന്* വിടുവിക്കുന്നു. കാരണം അവൻ നമ്മെ പാപത്തിൽനിന്നും അന്ധതയിൽനിന്നും മരണത്തിൽനിന്നും വിടുവിക്കുന്നു.

20:30–31 അനുസരിച്ച്, യേശു അനേക അടയാളങ്ങൾ ചെയ്തുവെന്ന് ലേഖകൻ സൂചിപ്പിച്ചു. ഈ സംഭവങ്ങളിൽ നിന്നെല്ലാം അട

യാളങ്ങളായി ഒമ്പതെണ്ണം മാത്രം ലേഖകൻ തെരഞ്ഞെടുത്തു. അതുകൊണ്ട് ഈ അടയാളങ്ങളും അവ അവതരിപ്പിച്ചിരിക്കുന്ന ക്രമവും വളരെ അർത്ഥവത്തായിരിക്കണം. ഉദാഹരണത്തിന്, ഒന്നാമത്തെ സംഭവം വീണ്ടുംജനനത്തെ സംബന്ധിച്ചും അവസാനത്തേത് മരിച്ചവരിൽനിന്നുള്ള പുനരുത്ഥാനത്തെ സംബന്ധിച്ചും ആണ്. അങ്ങനെ, ഒന്നാമത്തെ സംഭവം ജീവിതത്തിന്റെ ആരംഭത്തിലുള്ള വീണ്ടുംജനനത്തെ സംബന്ധിച്ചും അവസാനത്തേത് ജീവാവസാനത്തിനു ശേഷമുള്ള പുനരുത്ഥാനത്തെ സംബന്ധിച്ചും ആണ്. മാത്രമല്ല, അവസാനവിഭാഗത്തിലുള്ള സംഭവങ്ങളിൽ പ്രതിലോമകാര്യങ്ങളുടെ കൂട്ടത്തിൽ ഒന്നാമത്തെ സ്ഥാനം പാപത്തിന് കൊടുത്തിരിക്കുന്നു. കാരണം അന്ധതയുടെയും മരണത്തിന്റെയും ഉത്ഭവസ്ഥാനം പാപമാണ്. അന്ധത പാപത്തിൽനിന്ന് ഉത്ഭവിക്കുന്നു. പാപത്തിന്റെ അന്ത്യം മരണമാണ്. ഈ ദൂതിൽ നമുക്ക് അന്ധതയുടെ കാര്യം പരിഗണിക്കാം.

യോഹന്നാൻ 10, യോഹന്നാൻ 9-ന്റെ തുടർച്ചയാണെന്ന് വേദപുസ്തകം വായിക്കുന്ന ചിലർക്ക് വ്യക്തമല്ല. എന്നാലും നിങ്ങൾ ശ്രദ്ധാപൂർവ്വം വായിക്കുന്നുവെങ്കിൽ, അദ്ധ്യായം 10, അദ്ധ്യായം 9-ന്റെ തുടർച്ചയാണെന്ന് നിങ്ങൾ കാണും. അതുകൊണ്ട്, ഈ രണ്ട് അദ്ധ്യായങ്ങൾ വിശുദ്ധവചനത്തിലെ ഒറ്റ ഭാഗമാണ്. "ഭൂതത്തിന് കുരുടന്മാരുടെ കണ്ണു തുറക്കുവാൻ കഴിയുമോ?"എന്ന ചോദ്യം ചോദിക്കുന്നതുകൊണ്ട് പത്താം അദ്ധ്യായം ഒമ്പതാം അദ്ധ്യായത്തിന്റെ തുടർച്ചയാണെന്ന് മനസ്സിലാക്കുവാൻ യോഹന്നാൻ 10:21 നമ്മെ സഹായിക്കുന്നു. എന്നിരുന്നാലും, ഓരോ അദ്ധ്യായവും ഒരു വ്യത്യസ്ത ആശയം വിവരിക്കുന്നു. ഈ രണ്ട് അദ്ധ്യായങ്ങളിൽ, കർത്താവിന്റെ ആളത്തത്തിന്റെ രണ്ട് പ്രധാന വശങ്ങൾ വെളിപ്പെട്ടിരിക്കുന്നു: കർത്താവ് അന്ധർക്ക് കാഴ്ചനൽകുന്നതും മതത്തിനുവെളിയിലുള്ള വിശ്വാസികളെ കർത്താവ് മേയ്ക്കുന്നതും.

## I. അന്ധർക്ക് ജീവന്റെ കാഴ്ച

ന്യായപ്രമാണമുള്ള മതത്തിന് അന്ധനായ മനുഷ്യന് ഒരു നന്മയും ചെയ്യുവാൻ കഴിഞ്ഞില്ലെന്നും, എന്നാൽ ലോകത്തിന്റെ വെളിച്ചമായ കർത്താവായ യേശുവിന് ജീവമാർഗ്ഗത്തിൽ അവന് കാഴ്ച നൽകുവാൻ കഴിഞ്ഞുവെന്നും ഈ സംഭവം തുടർന്ന് തെളിയിക്കുന്നു(10:10, 28). ശബ്ബത്ത് ദിനത്തിലായിരുന്നു ഈ അടയാളം നടന്നത്. മതത്തിന്റെ അനുഷ്ഠാനങ്ങളുടെ വ്യർത്ഥതയെ തുറന്നു കാണിക്കുവാൻ മനപൂർവ്വമായി ശബ്ബത്തുദിനത്തിൽ വീണ്ടും ഒരുഅടയാളം കർത്താവ് ചെയ്തതായി തോന്നും.

മുൻ അദ്ധ്യായത്തിലെ പാപം എന്നപോലെ, അന്ധത മരണസംബന്ധിയായ ഒരു കാര്യമാണ്. മരിച്ച മനുഷ്യൻ തീർച്ചയായും അന്ധനാ

ണ്. "....ഈ ലോകത്തിന്റെ ദൈവം അവിശ്വാസികളുടെ മനസ്സ് കുരുടാക്കി." അതുകൊണ്ട് "അവരുടെ കണ്ണുതുറക്കുവാനും അവരെ ഇരുളിൽനിന്നു വെളിച്ചത്തിലേക്കും സാത്താന്റെ അധികാരത്തിൽനിന്നു ദൈവത്തിങ്കലേക്ക് തിരിക്കുവാനും,"(പ്രവൃ.26:18)"ക്രിസ്തുവിന്റെ തേജസ്സുള്ള സുവിശേഷത്തിന്റെ പ്രകാശനം" (2 കൊരി.4:4) അവർക്ക് പ്രകാശം നല്കണം. രണ്ടാം അദ്ധ്യായത്തിൽ സ്ഥാപിച്ച തത്ത്വത്തിൽ ഇതും മരണത്തെ ജീവനാക്കി മാറ്റുന്നതാണ്.

## A. പിറവിയിലേ കുരുടനായവൻ

നമുക്ക് 9:1-3 വായിക്കാം,"അവൻ കടന്നുപോകുമ്പോൾ പിറവിയിലേ കുരുടനായ ഒരു മനുഷ്യനെ കണ്ടു. അവന്റെ ശിഷ്യന്മാർ അവനോട്, റബ്ബീ, ഇവൻ കുരുടനായി പിറക്കത്തക്കവിധം ആരു പാപം ചെയ്തു? ഇവനോ ഇവന്റെ അമ്മയപ്പന്മാരോ, എന്നു ചോദിച്ചു. അതിനു യേശു അവനോ അവന്റെ അമ്മയപ്പന്മാരോ പാപം ചെയ്തിട്ടല്ല, ദൈവപ്രവൃത്തി അവനിൽ വെളിവാകേണ്ടതിനാണ്." തങ്ങളുടെ മതപരമായ അറിവിൻപ്രകാരമായിരുന്നു ശിഷ്യന്മാർ ചോദ്യം ഉന്നയിച്ചത്. അന്ധത ആ മനുഷ്യന്റെ പാപം മൂലമോ അവന്റെ മാതാപിതാക്കന്മാരുടെ പാപം മൂലമോ ആയിരിക്കണം എന്നായിരുന്നു അവർ കരുതിയത്. ഈ ചോദ്യം 4:20-25-ലും 8:3-5-ലും ഉള്ള ചോദ്യങ്ങൾപോലെ അതെ, അല്ലെങ്കിൽ അല്ല എന്ന വിഷയത്തെ സംബന്ധിച്ചതാണ്. അത് മരണത്തിൽ പരിണമിക്കുന്ന അറിവിൻ വൃക്ഷത്തെ സംബന്ധിച്ചതാണ്(ഉല്പ.2:17). എന്നാൽ 9:3-ൽ കർത്താവ് നല്കുന്ന ഉത്തരം, ജീവനിൽ പരിണമിക്കുന്ന ജീവന്റെ വൃക്ഷമായ(ഉല്പ.2:9) ദൈവത്തിലേക്ക് അവരെ തിരിക്കുന്നു. യോഹന്നാന്റെ സുവിശേഷത്തിൽ അതെ അല്ലെങ്കിൽ അല്ല, ശരി അല്ലെങ്കിൽ തെറ്റ് എന്നു ഉത്തരം വരുന്ന ഇത്തരം ചോദ്യങ്ങൾക്ക് കർത്താവ് ഒരിക്കലും ഉത്തരം നൽകിയില്ലെന്ന് നാം കണ്ടു. ഇതിന് കാരണം യോഹന്നാന്റെ സുവിശേഷം ജീവന്റെ പുസ്തകമാണ്, അത് നന്മതിന്മകളെക്കുറിച്ചുള്ള അറിവിന്റെ പുസ്തകമല്ല എന്നതാണ്. അതുകൊണ്ട് ആ മനുഷ്യന്റെ അന്ധത "ദൈവപ്രവൃത്തി അവങ്കൽ വെളിവാകേണ്ടതിനത്രേ" എന്ന് കർത്താവ് പറഞ്ഞു.

അതെ അല്ലെങ്കിൽ അല്ല എന്ന് കർത്താവ് ഒരിക്കലും ഉത്തരം നൽകാത്തത് എന്തുകൊണ്ടാണ്? കാരണം അതെ-അല്ലെങ്കിൽ-അല്ല എന്നീ ഉത്തരങ്ങൾ നന്മതിന്മകളെ സംബന്ധിച്ച അറിവിന്റെ വൃക്ഷത്തിൽ നിന്നുള്ളതാണ്. നന്മയും തിന്മയും, അതെ എന്നും അല്ല എന്നും പോലെതന്നെയാണ്. അതെ എന്നും അല്ല എന്നും ഉള്ളത് നന്മതിന്മകളെ സംബന്ധിച്ച് അറിവിന്റെ വൃക്ഷത്തിൽപെടുമ്പോൾ, ഈ സുവിശേഷത്തിൽ കർത്താവ് നമ്മിലേക്ക് ജീവന്റെ വൃക്ഷമായി വരുന്നു. നമ്മുടെ ജീവനായ ദൈവമാണ് ജീവവൃക്ഷം. ആകയാൽ,

ഈ സുവിശേഷത്തിൽ കർത്താവ് ഒരിക്കലും ജനത്തോട് അതെ അഥവാ അല്ല എന്ന് ഉത്തരം പറയുന്നില്ല. അവൻ എപ്പോഴും അവരെ ദൈവത്തിലേക്ക് തിരിക്കുന്നു. ഉത്തരത്തിനായി അതെ അഥവാ അല്ല എന്നതിലേക്ക് കർത്താവ് തിരിയുന്നില്ല, എന്നാൽ ജീവവൃക്ഷമായ ദൈവത്തിലേക്ക് അവൻ തിരിയുന്നു. 9:3-ലെ കർത്താവിന്റെ മറുപടി അവന്റെ ശിഷ്യന്മാരെ നേരേ ദൈവത്തിലേക്ക്, അതായത് അവരെ ജീവവൃക്ഷത്തിലേക്ക് കൊണ്ടുവന്നു. ആ ഘട്ടത്തിലും, ശിഷ്യന്മാർ നന്മതിന്മകളെ സംബന്ധിച്ച അറിവിന്റെ വൃക്ഷത്തിൽപെടുന്ന തങ്ങളുടെ മതപരമായ ധാരണകളെ മുറുകെപ്പിടിച്ചിരുന്ന അതീവ മതഭക്തരായിരുന്നു. എന്നാൽ കർത്താവ് അവരെ അറിവിന്റെ വൃക്ഷത്തിൽനിന്ന് ജീവന്റെ വൃക്ഷത്തിലേക്ക് തിരിക്കുവാൻ വീണ്ടും വീണ്ടും ശ്രമിച്ചുകൊണ്ടിരുന്നു. മൂന്നര വർഷക്കാലം ഈ കാര്യത്തിൽ ആ ശിഷ്യന്മാർ കർത്താവിന്റെ പരിശീലനത്തിൻ കീഴിലായിരുന്നു. ആ കാലത്തിനു ശേഷവും ശിഷ്യൻമാരിൽ ഒരുവനായ പത്രൊസ് മതപരമായ ചിന്താഗതികളിൽനിന്ന് പൂർണ്ണമായും വിടുവിക്കപ്പെട്ടിരുന്നില്ല. കാരണം പത്രൊസ് മതാനുസാരിയും നന്മതിന്മകളെ സംബന്ധിച്ച അറിവിന്റെ സ്വാധീനമുള്ളവനുമായി തുടർന്നുവെന്ന് പ്രവൃത്തികൾ. 10:9-16-ൽ നാം കാണുന്നു. ഒരുപക്ഷേ, നാം അറിവിന്റെ വൃക്ഷത്തിൽ നിന്ന് സ്വതന്ത്രരാണെന്ന് സ്വയം ചിന്തിക്കുന്നു. എന്നാലും ഇപ്പോഴും നാം മുഖ്യമായും അതിന്റെ സ്വാധീനത്തിൻകീഴിൽ ആയിരിക്കാം.

നാം പാപികളായിരുന്നപ്പോൾ നമുക്ക് കാഴ്ച നഷ്ടപ്പെടുകയും ഒന്നും കാണുവാൻ കഴിയാതെ വരുകയും ചെയ്തു. നമ്മുടെ അന്ധത നമ്മുടെ പാപപ്രകൃതം മൂലമായിരുന്നു. ഒമ്പതാം അദ്ധ്യായത്തിൽ ആ മനുഷ്യൻ ജന്മനാ അന്ധനായിരുന്നു. ഒരു വ്യക്തി ജനിക്കുമ്പോൾതന്നെ അന്ധത അവന്റെ പ്രകൃതത്തിലുണ്ട് എന്ന് ഇത് സൂചിപ്പിക്കുന്നു. പാപികളായ നാം പ്രകൃത്യാ അന്ധരാണ്. കാരണം നാം അപ്രകാരമായിരുന്നു ജനിച്ചത്. പാപികളെല്ലാം അന്ധരായാണ് ജനിച്ചതെന്ന് നിങ്ങൾ എപ്പോഴെങ്കിലും മനസ്സിലാക്കിയിട്ടുണ്ടോ? അതുകൊണ്ട്, നാം പാപം നിറഞ്ഞവരാണ് എന്ന് നാം ഏറ്റുപറയുന്നുവെങ്കിൽ നാം അന്ധരാണെന്നും സമ്മതിക്കണം.

Tue

## B. വെളിച്ചം ലഭിക്കുന്നു

### *1. ജീവന്റെ വെളിച്ചത്താൽ*

കർത്താവായ യേശു ഈ അന്ധനായ മനുഷ്യനെ കണ്ടപ്പോൾ പറഞ്ഞു,“ഞാൻ ലോകത്തിൽ ഇരിക്കുമ്പോൾ ലോകത്തിന്റെ വെളിച്ചം ആകുന്നു”(9:5). കർത്താവ് ജീവന്റെ വെളിച്ചം ആകുന്നു(8:12). ജീവന്റെ വെളിച്ചത്തിന്റെ കുറവിനാലാണ് അന്ധത ഉണ്ടാകുന്നത്. മരിച്ച ഓരോ വ്യക്തിയും അന്ധനായ മനുഷ്യനാണ്. സംശയമെന്യേ, മരിച്ചവർക്ക്

ഒന്നും കാണുവാൻ കഴിയുകയില്ല. അതുകൊണ്ട്, ജീവന്റെ കുറവി നെയാണ് അന്ധത സൂചിപ്പിക്കുന്നത്. നിങ്ങൾക്ക് ജീവനുണ്ടെങ്കിൽ, വെളിച്ചം നിങ്ങളുടെ കണ്ണു തുറപ്പിക്കുന്നതുകൊണ്ട് നിങ്ങൾക്ക് കാഴ്ച യുണ്ട്. അതുകൊണ്ട്, അന്ധനായ മനുഷ്യന് ജീവന്റെ വെളിച്ചം ആവ ശ്യമാണെന്ന് കർത്താവ് ആദ്യം ചൂണ്ടിക്കാണിച്ചു.

### *2. മനുഷ്യത്വവുമായി ഇഴുകിച്ചേർന്ന ജീവന്റെ വചനത്തിന്റെ അഭിഷേകത്താൽ*

6-ാം വാക്യം വളരെ കൗതുകകരമാണ്. "ഇങ്ങനെ പറഞ്ഞിട്ട് അവൻ നിലത്തു തുപ്പി, തുപ്പലുകൊണ്ട് ചേറുണ്ടാക്കി." ഞാൻ പ്രായം കുറഞ്ഞ ക്രിസ്ത്യാനിയായിരുന്നപ്പോൾ ഈ വാക്യത്തിന്റെ അർത്ഥം ഗ്രഹി ക്കാതെ കർത്താവ് ചെയ്തതിനെ പരിഹസിച്ചിട്ടുണ്ട്. അവൻ ചെയ്ത ത് വളരെ വിചിത്രമായിരുന്നു. ആരും ഒരാളുടെ തുപ്പൽ സ്പർശിക്കു വാൻ ഇഷ്ടപ്പെടുന്നില്ല. എന്നാൽ കർത്താവായ യേശു തന്റെ തുപ്പൽ മണ്ണുമായി കുഴച്ച് ചേറുണ്ടാക്കി. പിന്നെ അവൻ ചേറ് ആ മനുഷ്യന്റെ കണ്ണുകളെ അഭിഷേകം ചെയ്യുവാൻ ഉപയോഗിച്ചു. യോഹന്നാന്റെ സുവിശേഷം ചിത്രങ്ങളുടെ ഒരു പുസ്തകമാണ്. ഈ സംഭവവും ഒരു ചിത്രമാണ്. എഴുതപ്പെട്ട അക്ഷരപ്രകാരം മാത്രം നാം ഇത് മന സ്സിലാക്കരുത്. ശരിയായ അർത്ഥം ലഭിക്കുവാൻ നാം പ്രാർത്ഥിച്ച്, കർത്താവിലേക്ക് നോക്കണം.

ഈ ആശയം പഠിക്കുവാൻ എത്രത്തോളം സമയം ഞാൻ ചിലവ ഴിച്ചിട്ടുണ്ടെന്ന് പറയുവാൻ കഴിയുകയില്ല. ഒരു വ്യാഖ്യാനം കണ്ടെത്തു വാനുള്ള പരിശ്രമത്തിൽ ഞാൻ അനേക പുസ്തകങ്ങൾ പരിശോധി ച്ചുവെങ്കിലും കണ്ടെത്തിയില്ല. ഏകദേശം ഇരുപത്തഞ്ച് വർഷങ്ങൾക്ക് മുമ്പ് ഒരു ദിവസം ദിവ്യജീവൻ മനുഷ്യത്വവുമായി ഇഴുകിച്ചേരുന്ന വസ്തുത ഞാൻ കണ്ടു."ഇഴുകിച്ചേരുക"എന്ന വാക്ക് ഇരുപത്തഞ്ച് വർഷമായി നാം ഉപയോഗിച്ചുവരുന്നു. നിങ്ങൾ ക്രിസ്തീയ പുസ്തക ശാലകളിൽ ചെന്നാൽ ഇഴുകിച്ചേരലിനെക്കുറിച്ച് പറയുന്ന ഒരു പുസ്ത കംപോലും കണ്ടെത്തുകയില്ല. പുസ്തകങ്ങൾ പറയുന്നത് ഏറിയാൽ ക്രിസ്തുവുമായുള്ള ഐക്യത്തെ അല്ലെങ്കിൽ അവനുമായുള്ള ഏകീഭാ വത്തെക്കുറിച്ചാണ്. ഒരു പുസ്തകംപോലും ഈ ഇഴുകിച്ചേരലിന്റെ കാര്യം ചർച്ച ചെയ്യുന്നില്ല. 1958-ൽ ഞാൻ ആദ്യമായി ഈ രാജ്യം സന്ദർശിച്ചപ്പോൾ, ദിവ്യജീവൻ മനുഷ്യത്വവുമായി ഇഴുകിച്ചേരുന്നതി നെക്കുറിച്ച് ഒരു ദൂത് നൽകി. ഓക്സ്ഫഡ് ബിരുദധാരിയായ ഒരു പ്രസംഗകൻ, ഇഴുകിച്ചേരലല്ല ശരിയായ വാക്ക് എന്നും"കൂടെ ഇഴു കിച്ചേരൽ"എന്ന വാക്ക് ഞാൻ ഉപയോഗിക്കണം എന്നും പറഞ്ഞു കൊണ്ട് പെട്ടെന്ന് എന്റെ ഇംഗ്ലീഷ് തിരുത്തി. ഞാൻ മറുപടി പറഞ്ഞു, "ഈ വാക്കാണോ ശരിയായ ഇംഗ്ലീഷ് വാക്ക് എന്ന് എനിക്കുറപ്പില്ല,

കാരണം ഇംഗ്ലീഷ് എന്റെ മാതൃഭാഷയല്ല. എന്നാൽ ദിവ്യജീവനും മനുഷ്യത്വത്തിനും ഇടയിൽ അപ്രകാരം ഒരു സത്യമുണ്ടെന്ന് എനിക്കറിയാം."പിന്നീട്, ഇഴുകിച്ചേരുക എന്നതാണ് ശരിയായ വാക്ക് എന്ന ഉറപ്പ് ലേവ്യപുസ്തകത്തിൽനിന്ന് എനിക്ക് ലഭിച്ചു.

ലേവ്യപുസ്തകം 2:5-ൽ ഇഴുകിച്ചേരുക എന്ന വാക്ക് ഉപയോഗിച്ചിരിക്കുന്നു."നിന്റെ വഴിപാട് ചട്ടിയിൽ ചുട്ട ഭോജനയാഗം ആകുന്നുവെങ്കിൽ അത് എണ്ണ ചേർത്ത പുളിപ്പില്ലാത്ത നേരിയ മാവുകൊണ്ട് ആയിരിക്കണം." ഇത് ഒരു മുൻകുറിയാണ്. നേരിയ മാവ്, കർത്താവായ യേശുവിന്റെ മനുഷ്യത്വത്തെയും എണ്ണ, പരിശുദ്ധാത്മാവിനെ, കർത്താവായ യേശുവിന്റെ ദിവ്യത്വത്തെയും സൂചിപ്പിക്കുന്നു അതുകൊണ്ട്, കർത്താവായ യേശു എന്ന വ്യക്തിയിൽ ദിവ്യത്വവും മനുഷ്യത്വവും ഇഴുകിച്ചേർന്നിരിക്കുന്നു. തന്മൂലം, ഞാൻ ഈ രാജ്യം രണ്ടാമത് സന്ദർശിച്ചപ്പോൾ ദിവ്യജീവൻ നമ്മുടെ മനുഷ്യത്തോട് ഇഴുകിച്ചേരുന്നതിനെ സംബന്ധിച്ച് ഞാൻ ധൈര്യമായി സംസാരിക്കുവാൻ തുടങ്ങി. ഇതിനെക്കുറിച്ച് അധികം സംസാരിക്കരുതെന്നും എന്നാൽ ഏകീഭാവത്തിന്റെയും ഐക്യത്തിന്റെയും പരിധികളിൽ നിൽക്കുവാനും ചിലർ എനിക്ക് മുന്നറിയിപ്പ് തന്നു. ഞാൻ പറഞ്ഞു,"സഹോദരന്മാരേ, മാനുഷികധാരണ ഞാൻ കാര്യമാക്കുന്നില്ല. നിർമ്മല വചനത്തെ മാത്രമേ ഞാൻ കാര്യമാക്കുന്നുള്ളൂ. ലേവ്യപുസ്തകം 2:5-ലെ നേരിയമാവും എണ്ണയുമായി ഇഴുകിച്ചേർന്ന കാര്യത്തെക്കുറിച്ച് എന്തു പറയുന്നു? എന്റെ അടുക്കൽ വരരുത്. നിങ്ങൾ മോശയുടെ അടുക്കൽ പോകണം. ഈ വാക്ക് ഉപയോഗിച്ച ആദ്യത്തെ ആൾ അവനാണ്."1963 മുതൽ ***The Stream*** എന്ന പേരിൽ മാസിക പ്രസിദ്ധീകരിക്കുവാൻ കർത്താവ് ഞങ്ങൾക്ക് ഭാരം തന്നു. ആ മാസികയിൽ ഇഴുകിച്ചേരുന്നതിനെക്കുറിച്ച് വീണ്ടും വീണ്ടും ഞങ്ങൾ പറഞ്ഞു. ഇപ്പോൾ അനേകർ ഈ ചിന്താഗതി സ്വീകരിച്ചുവരുന്നു.

ഇപ്പോൾ നമുക്ക് യോഹന്നാൻ 9-ലേക്ക് തിരിഞ്ഞ് ദിവ്യത്വം മനുഷ്യത്വവുമായി ഇഴുകിച്ചേരുന്ന ഈ ആശയം അതിൽ പ്രയോഗിക്കാം. 9:6-ലെ കളിമണ്ണ് റോമർ 9:21-ലെപ്പോലെ, മനുഷ്യത്വത്തെ സൂചിപ്പിക്കുന്നു. മനുഷ്യൻ കളിമണ്ണാണ്. നാമെല്ലാവരും കളിമണ്ണാണ്. എന്താണ് തുപ്പൽ? തുപ്പൽ ഇവിടെ കർത്താവിന്റെ "വായിൽനിന്നും പുറപ്പെടുന്ന"(മത്തായി 4:4) ഒന്ന് എന്ന നിലയിൽ അത് ആത്മാവും ജീവനും ആയ അവന്റെ "വചനങ്ങളെ"(യോഹ.6:63) സൂചിപ്പിക്കുന്നു. പ്രതീകാത്മകമായി പറഞ്ഞാൽ, തുപ്പൽ കർത്താവിന്റെ വായിൽനിന്നു പുറപ്പെടുന്ന ആത്മാവും ജീവനുമായ വചനമാണ്. ക്രിസ്തുവിന്റെ വായിൽനിന്നു പുറപ്പെട്ടുവരുന്ന വചനം ആത്മാവാണ്. അതുകൊണ്ട്, തുപ്പൽ കളിമണ്ണുമായി കലരുന്നത് മനഷ്യത്വം കർത്താവിന്റെ ജീവനുള്ള വചനവുമായി കലരുന്നതിനെ സൂചിപ്പിക്കുന്നു."അഭിഷേകം

ചെയ്തു(പൂശി)" എന്ന വാക്ക് ഇത് തെളിയിക്കുന്നു, കാരണം കർത്താവിന്റെ ആത്മാവ് അഭിഷേചിക്കുന്ന ആത്മാവാണ്(ലൂക്കൊ.4:18, 2 കൊരി.1:21–22; 1 യോഹ.2:27). അങ്ങനെ തുപ്പൽ കർത്താവിന്റെതന്നെ മൂലകത്തിന്റെ അഥവാ സാരാംശത്തിന്റെ ഒഴുക്കായ വചനത്തെ സൂചിപ്പിക്കുന്നു. കളിമണ്ണ് തുപ്പലുമായി കലർന്നു.

ഇത് സൂചിപ്പിക്കുന്നത് കർത്താവ് അവന്റെ വചനത്തിലൂടെയും വചനത്താലും അവന്റെ സാരാംശം നമ്മോടു ഇഴുകിച്ചേർക്കുന്നു എന്നാണ്. പ്രകൃതത്താൽ നാം കളിമണ്ണാണ്. വചനത്തിലുള്ള കർത്താവിന്റെ സാരാംശം തന്നെയാണ് തുപ്പൽ. മുമ്പ്, നാം പാപികളായിരുന്നപ്പോൾ, നാം മരിച്ചവരായിരുന്നു. നാം കർത്താവിന്റെ വചനം കേട്ടപ്പോൾ, കളിമണ്ണുകൊണ്ട് നിർമ്മിക്കപ്പെട്ട നമ്മിലേക്ക് അവന്റെ വചനം വന്നു. നാം സുവിശേഷം കേൾക്കുകയും സ്വീകരിക്കുകയും ചെയ്തപ്പോൾ, അത് വാസ്തവത്തിൽ കളിമൺ മനുഷ്യരായ നമ്മിലേക്ക് വന്നതായ കർത്താവിന്റെ തുപ്പലായിരുന്നു. അതായത്, കർത്താവിന്റെ വായിൽനിന്ന് പുറപ്പെട്ടത് മണ്ണ് സ്വീകരിക്കുകയും അതുമായി ഇഴുകിച്ചേരുകയും ചെയ്തു.

ദിവ്യത്വവുമായുള്ള മനുഷ്യത്വത്തിന്റെ ഇഴുകിച്ചേരൽ ആണ് മുഴുവൻ ഭൂമിയിലെയും ഏറ്റവും പ്രചാരമുള്ള തൈലം. മറ്റൊരു തൈലത്തിനും അതിനെ വെല്ലുവാൻ കഴിയുകയില്ല. കർത്താവ് ആ മനുഷ്യന്റെ കുരുടായ കണ്ണുകളെ തുപ്പൽ കലർന്ന കളിമണ്ണുകൊണ്ട് അഭിഷേകം ചെയ്തു. ഇത് ജീവന്റെ ആത്മാവിന്റെ അഭിഷേകത്തെ സൂചിപ്പിക്കുന്നു. കർത്താവ് തന്റെ വചനത്തിൽ മണ്ണുമായി ഇഴുകിച്ചേർന്നതിനു ശേഷമാണ് ജീവന്റെ ആത്മാവിന്റെ അഭിഷേകം. അവന്റെ വചനത്തിലൂടെ നിങ്ങൾക്ക് കർത്താവിനെ ലഭിച്ചു കഴിഞ്ഞാലുടനെ ജീവന്റെ ആത്മാവിന്റെ അഭിഷേകം ഉണ്ടാകും. അന്ധമായ കണ്ണുകളെ കർത്താവിന്റെ തുപ്പൽ കൊണ്ടുണ്ടാക്കിയ ചേറിനാൽ കർത്താവ് അഭിഷേകം ചെയ്യുന്നത്, സാത്താനാൽ അന്ധമാക്കപ്പെട്ട നമ്മുടെ കണ്ണുകൾക്ക് കർത്താവിന്റെ ആത്മാവായ അവന്റെ വചനം നമ്മുടെ മനുഷ്യത്വവുമായി കലരുന്നതിന്റെ അഭിഷേചനത്താൽ കാഴ്ച ലഭിക്കും, എന്ന് സൂചിപ്പിക്കുന്നു.

Wed

### *3. ജീവന്റെ വചനം അനുസരിക്കുന്നതിനാലും പഴയ മനുഷ്യത്വം കഴുകിക്കളയുന്നതിനാലും*

അന്ധനായ മനുഷ്യന്റെ കണ്ണുകളെ കളിമണ്ണുകൊണ്ട് അഭിഷേചിച്ചപ്പോൾ, അവൻ മുമ്പിലത്തേതിലും അധികം അന്ധനായി. ഇപ്പോൾ കളിമണ്ണിന്റെ കട്ടിയായ ഒരു പാളി അവന്റെ കണ്ണുകളെ മൂടി. "ചെന്നു ശിലോഹാം കുളത്തിൽ കഴുകുക"(9:7), എന്ന് കർത്താവ് അവനോട് പറഞ്ഞു. ആ മനുഷ്യൻ പോയി, കഴുകി കാഴ്ചയുള്ളവനായി തിരി

ച്ചുവന്നു. ഇവിടെ കഴുകുക എന്നത് കളിമണ്ണ് നീക്കി വെടിപ്പാക്കുക എന്നാണ്. ഇത് സൂചിപ്പിക്കുന്നത് നാം സ്നാനത്തിൽ എന്നപോലെ നമ്മുടെ പഴയ മനുഷ്യത്വത്തെ കഴുകിക്കളയുക എന്നതാണ്(റോമ. 6:3-4,6). കുരുടനായ മനുഷ്യൻ ചെന്ന് കഴുകി എന്നതിനർത്ഥം അവൻ കർത്താവിന്റെ ജീവൻ നൽകുന്ന വചനം അനുസരിച്ചു എന്നാണ്. അതുകൊണ്ട് അവന് കാഴ്ച ലഭിച്ചു. കളിമണ്ണുകൊണ്ട് അഭിഷേകം ചെയ്യപ്പെട്ടതിനുശേഷം അവൻ അത് കഴുകിക്കളയുവാനായി പോയില്ലായിരുന്നുവെങ്കിൽ അത് അവനെ കൂടുതൽ അന്ധനാക്കുമായിരുന്നു. അഭിഷേകത്തോടുള്ള നമ്മുടെ അനുസരണം നമുക്ക് കാഴ്ച നൽകുന്നു.

ശിലോഹാം എന്ന വാക്കിന് അയയ്ക്കപ്പെട്ടത് എന്നാണർത്ഥം. ഇത് വളരെ അർത്ഥവത്താണ്. ജീവന്റെ ആത്മാവിനാലുള്ള അഭിഷേകം എന്നതിന്റെ അർത്ഥം നിങ്ങളെപ്പോഴും അയയ്ക്കപ്പെട്ട സ്ഥാനത്താകുന്നു എന്നാണ്. അഭിഷേകം നമ്മെ അയയ്ക്കപ്പെട്ടു എന്ന അടിത്തറയിൽ ആക്കി വയ്ക്കുന്നു. അതുകൊണ്ട്, നാം അനുസരിക്കണം. കർത്താവുതാനും പിതാവിനാൽ അയയ്ക്കപ്പെട്ടു എന്ന അടിത്തറയിൽ എപ്പോഴും നിലകൊണ്ടവനും, എപ്പോഴും അനുസരണയുള്ളവനും ആയിരുന്നു. ഇപ്പോൾ കർത്താവ്, നമ്മെ അവന്റെ അയയ്ക്കപ്പെട്ടവരായി അതേ സ്ഥാനത്ത് ആക്കിയിരിക്കുന്നു. നമുക്ക് കർത്താവിനെ അവന്റെ വചനത്തിൽ ലഭിക്കുകയും അവന്റെ അഭിഷേകം നാം പ്രാപിക്കുകയും ചെയ്തശേഷം, അവൻ നമ്മെ അയയ്ക്കപ്പെട്ട സ്ഥാനത്ത് ആക്കിവയ്ക്കുന്നു. ഇപ്പോൾ നാം അവന്റെ അയയ്ക്കലിനോട് അനുസരണമുള്ളവരായിരിക്കണം. നിങ്ങൾ കർത്താവിനെ അവന്റെ വചനത്തിൽ സ്വീകരിച്ചുകഴിഞ്ഞ്, അനുസരണമുള്ളവനായിരിക്കുവാനായി നിങ്ങൾ എടുക്കേണ്ട ഒന്നാമത്തെ പടി എന്താണ്? നിങ്ങൾ കർത്താവിൽ വിശ്വസിക്കുകയും വചനത്തിൽ അവനെ സ്വീകരിക്കുകയും ചെയ്തുകഴിഞ്ഞാൽ, കർത്താവ് നിങ്ങളോട് ഒരു"കുള"ത്തിലേക്ക് പോകുവാൻ പറയും. ഒന്നാമത്തെ പടി കർത്താവ് നിങ്ങളെ ഒരു "കുള"ത്തിലേക്ക് അയക്കും എന്നതാണ്. കഴുകുവാനും സ്നാനപ്പെടുത്തുവാനും അവൻ നിങ്ങളെ അയയ്ക്കും. അപ്പോൾ മുതൽ ദിവസേനയും ദിവസം മുഴുവനും ഈ കഴുകൽ നിങ്ങൾ പ്രയോഗിക്കണം. ദിവസംതോറും, ദിവസം മുഴുവനും നിങ്ങൾ കഴുകപ്പെടുന്നു എന്ന് നിങ്ങൾ തിരിച്ചറിയണം. ഇന്നുപോലും ഉള്ളിൽ ഞാൻ പല തവണ കഴുകപ്പെട്ടിരിക്കുന്നു. നിങ്ങളുടെ ഉള്ളിൽ ജീവന്റെ ആത്മാവിനാലുള്ള അഭിഷേകത്തെ തുടർന്ന് എപ്പോഴും കർത്താവിന്റെ ഒരു കല്പനയുണ്ട്: "പോയി കഴുകുക."

അന്ധനായ മനുഷ്യനെയും കർത്താവ് ചേറുണ്ടാക്കുന്നതും അന്ധനായ മനുഷ്യന്റെ കണ്ണുകൾ കളിമണ്ണുകൊണ്ട് അഭിഷേകം ചെയ്യു

ന്നതും ശിലോഹാം കുളത്തിൽ പോയി കഴുകുവാൻ കർത്താവ് അവനോട് പറയുന്നതും ഈ അദ്ധ്യായം ചിത്രീകരിക്കുന്നു. അന്ധനായ മനുഷ്യൻ തന്റെ കണ്ണുകൾ കഴുകിയയുടനേ കളിമണ്ണ് നീങ്ങിപോയി. എന്താണ് കളിമണ്ണ്? അത് സ്വാഭാവിക ജീവനെ അഥവാ മനുഷ്യന്റെ സ്വയത്തെ സൂചിപ്പിക്കുന്നു. നിങ്ങൾ സ്നാനപ്പെടുവാൻ പോയപ്പോൾ പഴയ മനുഷ്യൻ, പഴയ കളിമണ്ണ് കഴുകി നീക്കപ്പെട്ടു. കഴുകലിനു ശേഷം വെള്ളത്തിലും വെള്ളത്തിനടിയിലും അത് അടക്കപ്പെട്ടു. നിങ്ങൾ സ്നാനപ്പെട്ടതിനു ശേഷം നിങ്ങളുടെ പഴയ മനുഷ്യൻ വെള്ളത്തിൽ അടക്കപ്പെട്ടു. എന്നാലും, സ്നാനത്തിന്റെ കഴുകൽ ദിനംതോറും നിങ്ങൾ പ്രയോഗിക്കേണ്ടതുണ്ടെന്നും നിങ്ങൾ മനസ്സിലാക്കിയിട്ടുണ്ടോ? നിങ്ങളുടെ ക്രിസ്തീയ ജീവിതത്തിൽ ദിനംതോറും, സ്വയത്തെയും പഴയ മനുഷ്യന്റെ പ്രകൃതത്തെയും മരണജലത്തിനടിയിൽ ആക്കിവച്ചുകൊണ്ട് സ്നാനത്തിന്റെ കഴുകൽ നിങ്ങൾ പ്രയോഗിക്കണം.

സ്നാനം എന്ന കഴുകൽ നിങ്ങളിൽതന്നെ പ്രയോഗിക്കുവാൻ ഉള്ളിലെ അഭിഷേകം എല്ലായ്പ്പോഴും ആവശ്യപ്പെടുന്നു എന്നത് നിങ്ങൾ ഓർത്തിരിക്കണം. നിങ്ങൾ ഇത് പ്രയോഗിക്കുന്നില്ലെങ്കിൽ അഭിഷേകത്തെ പിന്തുടരുന്നതിൽ അനുസരണമുള്ളവനായിരിക്കുവാൻ നിങ്ങൾക്ക് ഒരിക്കലും കഴിയുകയില്ല. ഉള്ളിലെ അഭിഷേകം എപ്പോഴും ആവശ്യപ്പെടുന്നത് നിങ്ങൾ ശിലോഹാമിൽ പോകണമെന്നും നിങ്ങളെത്തന്നെ മരണത്തിൽ ആക്കിവയ്ക്കണം എന്നുമാണ്. നിങ്ങൾ കളിമണ്ണായ നിങ്ങളെത്തന്നെ മരണജലത്തിനടിയിൽ കുഴിച്ചിടണം. ഒരുപക്ഷേ ഇന്നു രാവിലെ നിങ്ങൾക്ക് ഒരു അഭിഷേകം ലഭിച്ചിരിക്കാം. സ്നാനം എന്ന കഴുകൽ നിങ്ങളിൽ പ്രയോഗിക്കുന്നത് നിങ്ങൾ അവഗണിച്ചാൽ, നിങ്ങൾക്ക് അഭിഷേകത്തെ അനുസരിക്കുവാൻ കഴിയുകയില്ല. നിങ്ങളെത്തന്നെ മരണജലത്തിനടിയിൽ ആക്കിവയ്ക്കുന്നതിനുള്ള കല്പന അഭിഷേകത്തെത്തുടർന്ന് പെട്ടെന്നുണ്ടാകുന്നു. നിങ്ങൾ പഴയ കളിമണ്ണ് നീക്കിക്കളയുവാൻ അഭിഷേകം ആവശ്യപ്പെടുന്നു. നിങ്ങൾ ഇത് ചെയ്യുമ്പോൾ നിങ്ങൾക്ക് കാഴ്ചയും വെളിച്ചവും ലഭിക്കും. ഞങ്ങളുടെ അനുഭവത്തിൽ ഞങ്ങളെത്തന്നെ മരണജലത്തിൽ ആക്കി വയ്ക്കുവാനുള്ള അഭിഷേകത്തിന്റെ അനുശാസനം ഞങ്ങൾ പിന്തുടർന്നശേഷം ഞങ്ങൾ വളരെയധികം കാഴ്ചയോടുകൂടി വെളിച്ചത്തിലാണ്. ഇപ്പോൾ ഞങ്ങൾക്ക് കാഴ്ചയും വെളിച്ചവും ഉള്ളതുകൊണ്ട് ഞങ്ങൾക്ക് എല്ലാം വ്യക്തമാണ്. സൂര്യവെളിച്ചം വാസ്തവത്തിൽ ഞങ്ങളുടെ ഉള്ളിൽ ഉണ്ട്. ഞങ്ങളുടെ കണ്ണുകൾ തുറക്കപ്പെടുകയും ഞങ്ങൾക്ക് വളരെ വ്യക്തമായി കാണുവാൻ കഴിയുകയും ചെയ്യുന്നു, കാരണം ഞങ്ങൾക്ക് കാഴ്ച ലഭിച്ചിരിക്കുന്നു; ഇപ്പോൾ ഞങ്ങൾ വെളിച്ചത്തിലും ആണ്.

പോയി കഴുകുവാനുള്ള കർത്താവിന്റെ കല്പന അന്ധനായ മനുഷ്യൻ അനുസരിക്കുവാൻ കൂട്ടാക്കാതിരുന്നുവെങ്കിൽ എന്തു സംഭവിക്കുമായിരുന്നു? അവന്റെ കണ്ണുകൾ കളിമണ്ണുകൊണ്ട് അഭിഷേകം ചെയ്യപ്പെട്ടുവെങ്കിലും അനുസരിക്കുവാനുള്ള അവന്റെ വൈമനസ്യം അവനെ കൂടുതൽ അന്ധനാക്കുമായിരുന്നു. കർത്താവ് അതുവരെ ചെയ്തവ അനാവരണത്തിനു പകരം ഒരു മറയോ മൂടലോ ആകുമായിരുന്നു. അതുപോലെ, നാം ജീവന്റെ ആത്മാവിന്റെ അഭിഷേകത്തെ അനുസരിക്കാതിരുന്നാൽ അഭിഷേകം നമ്മുടെ കണ്ണുകളെ തുറക്കുന്നതിനു പകരം അവയെ മൂടുന്ന ഒരു മറ ആയിത്തീരും. എന്നിരുന്നാലും, ജീവന്റെ ആത്മാവിന്റെ അഭിഷേകത്തെ നാം അനുസരിക്കുകയും നമ്മെത്തന്നെ മരണത്തിൽ ആക്കിവയ്ക്കുകയും ചെയ്താൽ നമ്മുടെ കണ്ണുകൾ തുറക്കപ്പെടും. ചുരുക്കത്തിൽ, നമുക്ക് കാഴ്ച ലഭിക്കുകയും നാം വെളിച്ചത്തിലാകുകയും ചെയ്യും. അല്ലെങ്കിൽ, നമ്മുടെ അനുസരണക്കേട് ജീവന്റെ ആത്മാവിന്റെ അഭിഷേകം നമ്മുടെ കണ്ണുകൾക്ക് ഒരു മറയായിത്തീരുവാൻ ഇടയാക്കും. അപ്പോൾ നാം കൂടുതൽ അന്ധരാകുകയും ആഴമേറിയ അന്ധകാരത്തിലേക്ക് നടത്തപ്പെടുകയും ചെയ്യും.

ഈ വ്യാഖ്യാനം ആദ്യമായി എനിക്ക് ലഭിച്ചപ്പോൾ ഞാൻ ചിരിച്ചു."ഹാ, മണ്ണ് തുപ്പലുമായി കലർത്തുന്നതുതന്നെ വളരെ വിചിത്രമാണ്. അതുപോലെ വിചിത്രമായ ഒരു വ്യാഖ്യാനവും ഇപ്പോൾ എനിക്ക് നൽകിയിരിക്കുന്നു"എന്നു ഞാൻ പറഞ്ഞു. എനിക്ക് ആദ്യം ഇത് വിശ്വസിക്കുവാൻ കഴിഞ്ഞില്ല. എന്നാലും, ഞാൻ പ്രാർത്ഥിക്കുകയും എന്റെ അനുഭവങ്ങൾ പരിശോധിക്കുകയും ചെയ്തപ്പോൾ, ഞാൻ ഇത് വിശ്വസിക്കുവാനിടയായി. നിങ്ങളും ഇതുപോലെ ചെയ്താൽ, ഇതാണ് ശരിയായ വ്യാഖ്യാനമെന്ന് നിങ്ങൾ കാണും. പലപ്പോഴും ദിവ്യാത്മാവ് നിങ്ങളുടെ മനുഷ്യത്വവുമായി ഇഴുകിച്ചേരുന്നതിനാൽ നിങ്ങൾക്ക് കാഴ്ച ലഭിച്ചിട്ടുണ്ട്. ചുരുങ്ങിയ കാലത്തേക്ക്, നിങ്ങളുടെ കണ്ണുകൾ മൂടിയിരിക്കുകയും താല്ക്കാലികമായി, നിങ്ങൾ എപ്പോഴത്തേക്കാളും അന്ധനായിരിക്കുകയും ചെയ്തു. ഒടുവിൽ, ജീവൻ നൽകുന്ന വചനം അനുസരിച്ചതിനുശേഷം, നിങ്ങളുടെ പഴയ പ്രകൃതം കഴുകിക്കളയപ്പെട്ടു. അപ്പോൾ നിങ്ങൾക്ക് തെളിഞ്ഞ ആകാശം ലഭിച്ചു. നിങ്ങളുടെ അനുഭവം പരിശോധിക്കുക. നിങ്ങൾക്ക് വെളിച്ചം ലഭിച്ചപ്പോഴെല്ലാം ഇതായിരുന്നു ക്രമം.

കേവലം വേദപുസ്തകവായനയോ പഠനമോ പര്യാപ്തമല്ല. ദിവ്യജീവൻ നിങ്ങളുടെ മനുഷ്യത്വവുമായി ഇഴുകിച്ചേരാതെ നിങ്ങൾക്ക് വചനത്തിന്റെ വെളിച്ചം കാണുവാൻ ഒരിക്കലും കഴിയുകയില്ല. നിങ്ങൾ അത് വായിക്കുമായിരിക്കും, എന്നാൽ നിങ്ങൾക്ക് അത് കാണുവാൻ കഴിയുകയില്ല. ഒരുപക്ഷേ, വേദപുസ്തകത്തിലെ ഒരു പ്രത്യേക

വചനം നിങ്ങൾ പലവട്ടം വായിച്ചിട്ടുണ്ടായിരിക്കാം. എന്നാൽ നിങ്ങൾക്ക് അതിലുള്ള വെളിച്ചം കാണുവാൻ കഴിഞ്ഞില്ല. ഒരു ദിവസം നിങ്ങൾ കാണുവാൻ തുടങ്ങുന്നു. പെട്ടെന്ന് നിങ്ങളുടെ കണ്ണുകൾ മൂടപ്പെടുകയും താല്ക്കാലികമായി നിങ്ങൾ കൂടുതൽ അന്ധനാകുകയും ചെയ്തു. എന്നാലും, നിങ്ങൾ ജീവനുള്ള വചനം അനുസരിക്കുകയും“ആമേൻ, കർത്താവായ യേശുവേ,”എന്നു പറയുകയും ചെയ്താൽ, പെട്ടെന്ന് കണ്ണുകളിൽനിന്ന് എന്തോ ഒന്ന് താഴെ വീഴുന്നതായും കാഴ്ച ലഭിക്കുന്നതായും നിങ്ങൾക്ക് തോന്നും. നിങ്ങളുടെ പഴയ മനുഷ്യത്വം നീങ്ങിപ്പോയിരിക്കുന്നു; നിങ്ങൾക്ക് സ്വർഗ്ഗത്തിലെ കാര്യങ്ങൾ അന്വേഷിക്കുവാൻ കഴിയും. വെളിച്ചം ലഭിക്കുവാനുള്ള മാർഗ്ഗം ഇതാണ്.

നമ്മുടെ കണ്ണുകൾക്ക് കാഴ്ച ലഭിക്കുന്നതിന് നാം പിന്തുടരേണ്ടതിന് മൂന്ന് പടികളുണ്ട്. ഒന്നാമത്, കളിമണ്ണ് തുപ്പൽ സ്വീകരിക്കുകയും അതുമായി ഇഴുകിച്ചേരുകയും വേണം. അതായത്, പഴയ മനുഷ്യനാകുന്ന, കളിമണ്ണാകുന്ന, നിങ്ങൾ തുപ്പലായ കർത്താവിന്റെ വചനം സ്വീകരിക്കുകയും കർത്താവുമായി അവന്റെ വചനത്തിൽ ഇഴുകിച്ചേരുകയും വേണം. പിന്നെ രണ്ടാമത്തെ പടിവരും-അതായത്, കർത്താവിനെ അവന്റെ വചനത്തിൽ നിങ്ങൾ സ്വീകരിച്ചു കഴിഞ്ഞാൽ, നിങ്ങൾക്ക് അഭിഷേകം ലഭിക്കും. അവസാനമായി, അഭിഷേകത്തിനു ശേഷമാണ് മൂന്നാമത്തെപടി: പഴയസ്വയത്തെ മരിപ്പിക്കണം എന്ന ആവശ്യം. പഴയ കളിമണ്ണ് മരണജലത്തിൽ ആക്കിവയ്ക്കണം. ഈ മൂന്നുപടികളാൽ നിങ്ങളുടെ കണ്ണുകൾ തുറക്കപ്പെടും. നിങ്ങൾക്ക് അപ്പോൾ കാഴ്ച ലഭിക്കുകയും നിങ്ങൾ എപ്പോഴും വെളിച്ചത്തിലായിരിക്കുകയും ചെയ്യും. സഹോദരീസഹോദരന്മാരേ, ഇന്നും നിങ്ങൾക്ക് കാഴ്ചയുണ്ടായിരിക്കുകയും വെളിച്ചത്തിലായിരിക്കുകയും ചെയ്യണമെങ്കിൽ, ആദ്യം നിങ്ങൾ കർത്താവിനെ അവന്റെ വചനത്തിൽ സ്വീകരിക്കണം. നിങ്ങൾ വീണ്ടുംജനിച്ചവരെങ്കിലും, കർത്താവിനെ തീർച്ചയായും അവന്റെ വചനത്തിൽ സ്വീകരിക്കുകയും അവനുമായി അധികമധികമായി ഇഴുകിച്ചേരുകയും ചെയ്യണം. നിങ്ങൾ ഇപ്പോഴും കളിമണ്ണാണ്; കർത്താവിന്റെ സാരാംശത്തെ സൂചിപ്പിക്കുന്ന അവന്റെ വായിൽനിന്നുള്ള തുപ്പൽ നിങ്ങൾക്ക് ആവശ്യമുണ്ട്. ഓരോ തവണ കർത്താവിനെ അവന്റെ വചനത്തിൽ നിങ്ങൾ സ്വീകരിക്കുമ്പോഴും, പിന്നാലെ അഭിഷേകം ഉണ്ട്. അപ്പോൾ ഒരു കളിമൺ മനുഷ്യനെന്ന നിലയിൽ നിങ്ങളെ മരണജലത്തിൽ ആക്കി വയ്ക്കുവാനും അയയ്ക്കപ്പെട്ട ഒരുവന്റെ സ്ഥാനത്ത് നിൽക്കുവാനും അഭിഷേകം നിങ്ങളോട് കല്പിക്കും. അയയ്ക്കപ്പെട്ടവൻ ഒരിക്കലും സ്വന്ത ഇഷ്ടം ചെയ്യുന്നില്ല. അവൻ മറ്റൊരുവന്റെ ഹിതം ചെയ്യുന്നു. അയയ്ക്കപ്പെട്ടവൻ എന്ന നിലയിൽ നിങ്ങൾ ഒരു അയക്കപ്പെട്ടവനെപ്പോലെ വേല ചെയ്യുകയും പ്രവർത്തിക്കുകയും ചെയ്യണം. അയയ്ക്കപ്പെട്ടവൻ തന്റെ ഹിത

പ്രകാരം ഒന്നും ചെയ്യാതെ, എല്ലാം തന്നെ അയച്ചവന്റെ ഹിതപ്രകാരം ചെയ്യുന്നു.

കുരുടനെ സൗഖ്യമാക്കുന്ന ഈ കഥ തീരെ നിസ്സാരമാണെന്ന് കരുതരുത്. ഞാൻ ചെറുപ്പമായിരുന്നപ്പോൾ ഇത് നിസ്സാരവും രസാവഹവുമെന്ന് കരുതിയിരുന്നു. ഞാൻ അവിടെയുണ്ടായിരുന്നെങ്കിൽ ഒരുപക്ഷേ കർത്താവിനെ ഇതു ചെയ്യുവാൻ ഞാൻ അനുവദിക്കുമായിരുന്നില്ല. ഞാൻ ഇങ്ങനെ പറയുമായിരുന്നു,"ഇത് ആരോഗ്യകരമോ ശുചിയുള്ളതോ അല്ല. എത്ര അസഹ്യം! എത്ര വൃത്തിഹീനം! കളിമണ്ണും തുപ്പലും വൃത്തിഹീനമാണ്. നീ അവന്റെ കണ്ണിൽ വൃത്തിഹീനമായ വസ്തുക്കൾ പുരട്ടുന്നു. അരുത് അരുത് ഞാനിതു ഇഷ്ടപ്പെടുന്നില്ല!"ഈ കഥ തീർത്തും രസാവഹമെന്ന് തോന്നും. എന്നാൽ കർത്താവിന്റെ ആത്മാവിന്റെ സഹായത്താൽ ഇതിൽ അടങ്ങിയ അത്ഭുതകരമായ തത്ത്വം നമുക്ക് തിരിച്ചറിയുവാൻ കഴിയും. നാം ആദ്യം കർത്താവിനെ അവന്റെ വചനത്തിൽ സ്വീകരിച്ച് അവനുമായി ഇഴുകിച്ചേരണമെന്ന് നമുക്ക് കാണാം. അപ്പോൾ നമുക്ക് ജീവന്റെ ആത്മാവിന്റെ അഭിഷേകം നമ്മിൽ ഉണ്ടാകുകയും അത് നമ്മെയെല്ലാം അയക്കപ്പെട്ടവരുടെ സ്ഥാനത്താക്കുകയും ചെയ്യും. സ്വയത്തെ മരിപ്പിക്കുവാൻ മരണജലത്തിൽ അടക്കപ്പെടുവാൻ നാം തയ്യാറുള്ളവരാകും. ഒടുവിൽ, നമുക്ക് കാഴ്ച വീണ്ടുകിട്ടുകയും നാം വെളിച്ചം ആസ്വദിക്കുകയും ചെയ്യും. അനുദിനം ഈ തത്ത്വത്താൽ നാം ജീവിക്കണം. ഇതും മരണത്തെ ജീവനാക്കി മാറ്റുന്നതാണ്.

## C. മതത്താൽ പീഡിപ്പിക്കപ്പെടുന്നു

കാഴ്ച പ്രാപിക്കുക എന്നത് ഒരു നല്ല കാര്യമാണ്. എന്നിരുന്നാലും, അന്ധമായ മതത്തിന്റെ കരങ്ങളാലുള്ള പീഡനം സഹിക്കുന്നതിന് നാം തയ്യാറായിരിക്കണം. കാഴ്ച ലഭിച്ച അന്ധൻ പുറത്താക്കപ്പെട്ടു(9:34). അതായത് അവൻ പള്ളിയിൽനിന്നു പുറത്താക്കപ്പെട്ടു, ഭ്രഷ്ടനാക്കപ്പെട്ടു എന്നാണ്. ഇതിനർത്ഥം 10:3-4-ൽ കർത്താവ് സംസാരിച്ചതുപോലെ ആലയിൽനിന്ന് അവൻ പുറത്താക്കപ്പെട്ടു എന്നാണ്. അവൻ യെഹൂദ മതത്തിൽനിന്ന് ഭ്രഷ്ടനായെങ്കിലും കർത്താവായ യേശു അവനെ സ്വീകരിച്ചു.

## D. ദൈവ പുത്രനിൽ വിശ്വസിക്കുന്നു

കുരുടൻ ദൈവപുത്രനായ യേശുവിൽ വിശ്വസിക്കുവാൻ ഇടയായി (9:35-38). ഒരുതരം അവ്യക്തമായ വിശ്വാസത്താലായിരുന്നു കുരുടന് കാഴ്ച ലഭിച്ചത്. അവൻ വിശ്വസിച്ചുവെങ്കിലും അവന് വ്യക്തത ഉണ്ടായിരുന്നില്ല. അവൻ വെറും നിഷ്കളങ്കനായിരുന്നു. യേശു ആരെന്ന് യഥാർത്ഥത്തിൽ അറിയാതെ അവൻ വിശ്വസിച്ചു. ഒരു നിഷ്കളങ്ക രീതിയിൽ അവൻ വിശ്വസിച്ചു. യേശു ആരെന്ന് വേണ്ടുംവണ്ണം അവൻ അറിഞ്ഞില്ലെങ്കിലും യേശു പ്രത്യേകതയുള്ള ഒരുവനെന്ന്

അവൻ വിശ്വസിക്കുകയും അതിനെക്കുറിച്ച് പരീശന്മാരോട് വാദിക്കുകയും ചെയ്തു. ഒടുവിൽ പരീശന്മാർ അവനെ പുറത്താക്കി. അപ്പോൾ കർത്താവായ യേശു അവനെ കണ്ട് "നീ ദൈവപുത്രനിൽ വിശ്വസിക്കുന്നുവോ?"(9:35) എന്ന് ചോദിച്ചു. "ഞാൻ അവനിൽ വിശ്വസിക്കുവാൻ തക്കവണ്ണം, കർത്തവേ, അവൻ ആരാണ്?"(9:36) എന്ന് അന്ധൻ മറുപടി പറഞ്ഞു. അവൻ വിശ്വസിച്ചു എന്നുവരുകിലും കർത്താവായ യേശുവിനെ അവൻ അറിഞ്ഞില്ല. അപ്പോൾ കർത്താവ് അവനോട്, "നീ അവനെ കണ്ടിട്ടുണ്ട്, നിന്നോട് സംസാരിക്കുന്നവൻ അവൻ തന്നെ"(9.37)എന്ന് പറഞ്ഞു. അപ്പോൾ കുരുടൻ ഇങ്ങനെ പ്രഖ്യാപിച്ചു, "കർത്താവേ ഞാൻ വിശ്വസിക്കുന്നു."അവൻ അവനെ നമസ്കരിച്ചു"(9:38). മനുഷ്യനായ യേശു ദൈവപുത്രൻ ആണെന്ന് അവൻ വിശ്വസിച്ചു. അങ്ങനെ, കുരുടൻ കാഴ്ച പ്രാപിക്കുക മാത്രമല്ല, അവൻ തന്നെ കർത്താവായ യേശുവിനാൽ സ്വീകരിക്കപ്പെടുകയും ചെയ്തു.

ഇതിന്റെ അർത്ഥം ഇടയൻ എന്ന നിലയിൽ കർത്താവ് ആലയിൽ പ്രവേശിക്കുകയും കാഴ്ചയില്ലാത്ത ഒരു ചെറിയ ആട്ടിൻകുട്ടിയെ കണ്ട് അതിന്റെ കണ്ണുകൾ തുറക്കുകയും, എന്നിട്ട് ആ ആട്ടിൻകുട്ടിയെ ആലയിൽനിന്ന് പുറത്തേക്ക് നയിക്കുകയും ചെയ്തു എന്നാണ്. ഒരർത്ഥത്തിൽ, ആട് പുറന്തള്ളപ്പെട്ടു; മറ്റൊരർത്ഥത്തിൽ, കർത്താവ് അവനെ പുറത്തേക്ക് നയിച്ചു. പരീശന്മാർ അവനെ പുറത്താക്കി. എന്നാൽ കർത്താവായ യേശു അവനെ പുറത്തേക്ക് വഹിച്ചുകൊണ്ടുപോയി. കർത്താവ് അവനെ നരകത്തിൽനിന്നല്ല, പിന്നെയോ ആലയിൽനിന്ന് പുറത്തേക്ക് കൊണ്ടുപോയി. അടുത്ത ദൂതിൽ നാം കൂടുതൽ കാണുവാനിരിക്കുന്നതുപോലെ, ആല ന്യായപ്രമാണം ആചരിക്കുന്ന യെഹൂദമതമാണ്. അഞ്ചാം അദ്ധ്യായത്തിലെ മണ്ഡപത്തിൽ കിടക്കുന്ന കുരുടരും മുടന്തരുമായ ആളുകളെപ്പോലെ അന്ധനായ മനുഷ്യനും ന്യായപ്രമാണാചരണത്തിന്റെ മണ്ഡപത്തിൽ ആയിരുന്നവനാണ്. പിന്നെ, കർത്താവായ യേശു ജീവനായി മാത്രമല്ല, അവനെ ആലയിൽനിന്നു പുറത്തേക്ക് നയിക്കുവാനായി ഇടയനായും വന്നു.

കർത്താവ് സർവ്വാധികാരിയാണ്. നമ്മിൽ പലരും മതത്തിന്റെ ആലയിലായിരുന്നു. ഒരുപക്ഷേ മുടന്തനായ ഒരുവനായി നിങ്ങൾ അവിടെ ആയിരുന്നു. നാമെല്ലാവരും ആ മണ്ഡപത്തിലായിരുന്നു. കർത്താവിന്റെ സർവ്വാധികാരത്തിനായി അവന് നന്ദി പറയുന്നു. നമ്മുടെ കുരുടായ കണ്ണുകളെ സുഖപ്പെടുത്തുവാൻ ജീവനായും നമ്മെ ആലയിൽനിന്നു പുറത്തേക്ക് നയിക്കുവാൻ ഇടയനായും അവൻ വന്നു.

## E. ജീവനാൽ ന്യായംവിധിക്കപ്പെടുന്നു

9:39-41-ൽ "കാണാത്തവർ കാണുവാനും കാണുന്നവർ കുരുടരാകുവാനും ഇങ്ങനെ ന്യായവിധിക്കായി ഞാൻ ഇഹലോകത്തിൽ

വന്നു"എന്നു യേശു പറഞ്ഞു. അവനോടുകൂടെയുള്ള ചില പരീശന്മാർ ഇതുകേട്ടിട്ട്, "ഞങ്ങളും കുരുടരോ" എന്നു ചോദിച്ചു. യേശു അവരോട്,"നിങ്ങൾ കുരുടരായിരുന്നുവെങ്കിൽ നിങ്ങൾക്ക് പാപം ഇല്ലായിരുന്നേനെ; എന്നാൽ 'ഞങ്ങൾ കാണുന്നു'എന്നു നിങ്ങൾ പറയുന്നതുകൊണ്ട് നിങ്ങളുടെ പാപം നിലനിൽക്കുന്നു"എന്നു യേശു പറഞ്ഞു. താൻ ന്യായവിധിക്കായി വന്നു എന്ന് കർത്താവ് പരീശന്മാരോട് പറഞ്ഞു. എന്നാൽ താൻ വന്നത് വിധിക്കുവാനല്ല മറിച്ച്, രക്ഷിക്കുവാനാണ് എന്ന് നിക്കോദേമൊസിനോട് അവൻ പറഞ്ഞു(3:17). അന്വേഷിക്കുന്ന ഒരു ദേഹിയെ അവൻ നിക്കോദേമൊസിൽ കണ്ടു. അതുകൊണ്ട്, അവൻ വരുന്നത് ലോകത്തെ വിധിക്കുവാനല്ല, മറിച്ച് ലോകത്തെ രക്ഷിക്കുവാനാണ്. എന്നാൽ പരീശന്മാരിൽ അവൻ നിഗളം കണ്ടു; അതുകൊണ്ട്, അവരെ വിധിക്കുവാൻ അവൻ വരും. കർത്താവ് വിധിക്കുവാനാണോ രക്ഷിക്കുവാനാണോ വരുന്നത് എന്നത് നിങ്ങളുടെ മനോഭാവത്തെ ആശ്രയിച്ചിരിക്കുന്നു. നിങ്ങളുടെ മനോഭാവം നിക്കോദേമൊസ്സിന്റേതുപോലെ ആകുന്നുവെങ്കിൽ അവൻ നിങ്ങളെ രക്ഷിക്കുവാൻ വരും. നിങ്ങളുടെ മനോഭാവം പരീശന്മാരുടേതുപോലെ ആണെങ്കിൽ അവൻ നിങ്ങളെ വിധിക്കുവാനായി വരും. അവൻ നിങ്ങൾക്ക് ന്യായാധിപതി ആയിരിക്കുമോ രക്ഷകൻ ആയിരിക്കുമോ എന്നത് നിങ്ങളുടെ മനോഭാവത്തെ ആശ്രയിച്ചിരിക്കുന്നു.

ആരെങ്കിലും അനേക അവകാശവാദങ്ങളുമായി തന്റെ അഭിപ്രായം ഉറപ്പിച്ചുപറയുന്നതിൽ അഭിമാനിക്കുമ്പോൾ, കർത്താവ് അവനെത്തന്നെ സഗൗരവം ന്യായീകരിക്കും. അവന് കർത്താവിനെ ആവശ്യമില്ല എന്നു മാത്രമാണ് ഇത് സൂചിപ്പിക്കുന്നത്. തൽഫലമായി, അത്തരം വ്യക്തിയെ കർത്താവ്, അവന്റെ അന്ധതയിൽ വിട്ടുകളയും. നമുക്ക് കാണുവാൻ കഴിയുന്നു എന്ന് നിഗളത്തോടെ പറയാതിരിക്കുവാൻ നാം വളരെ ശ്രദ്ധിക്കണം. കാണുന്നു എന്നു നാം അവകാശപ്പെട്ടാൽ, കർത്താവ് നമ്മെ കുരുടരായി വിട്ടുകളയും. കാണുവാൻ കഴിയാത്തവർക്ക് താൻ കാഴ്ച നൽകും എന്നും, എന്നാൽ കാണുന്നു എന്ന് അവകാശപ്പെടുന്നവരെ അവൻ അന്ധരാക്കും എന്നും കർത്താവ് പറഞ്ഞു. കർത്താവിന്റെ വളരെ ഗൗരവപൂർവ്വമുള്ള ഒരു ന്യായീകരണമാണിത്. അതുകൊണ്ട്, നാം താഴ്മയുള്ളവരും നിഗളമില്ലാത്തവരും ആയിരിക്കണം. അഹംഭാവം എന്നതിന്റെ അർത്ഥം അന്ധതയും ഇരുട്ടും എന്നാണ്.